139555
24/6/17

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഫുൾ ടൈം മെമ്പർ, പാർട്ട് ടൈം മെമ്പർ എന്നിവരുടെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (കൈ) നം.15/2017/ഉ.ഭ.പ.വ *തിരുവനന്തപുരം, തീയതി,04.06.2017*

---

പരാമർശം: 1) 06.08.2016 ലെ G.O.(Ms) No.16/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്
2) 30.08.2016 ലെ G.O.(Ms) No.21/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.വി.എസ്.അച്ചുതാനന്ദൻ എം.എൽ.എ. ചെയർമാനായും ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളായും നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. തുടർന്ന് കമ്മീഷൻ അംഗങ്ങളുടെ വ്യവസ്ഥകളും നിബന്ധനകളും സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫുൾ ടൈം മെമ്പറായ ശ്രീ.സി.പി.നായരുടെയും പാർട്ട് ടൈം മെമ്പറായ ശ്രീമതി. നീലാ ഗംഗാധരന്റെയും സേവനം സംബന്ധിച്ച വ്യവസ്ഥകളും നിബന്ധനകളും ചുവടെ വിവരിക്കുംവിധം നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ശ്രീ.സി.പി.നായർ, ഫുൾ ടൈം മെമ്പർ**

1. നിലവിൽ ലഭിക്കുന്ന പെൻഷന് പുറമെ 75,000/- (എഴുപത്തി അയ്യായിരം രൂപമാത്രം) രൂപ പ്രതിമാസ ഓണറേറിയമായി നൽകുന്നതാണ്. സാധാരണഗതിയിലുള്ള പെൻഷൻ, ക്ഷാമബത്ത എന്നിവയ്ക്ക് തുടർന്നും അർഹതയുണ്ടായിരിക്കും.
2. കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്ക് ഗവ.ചീഫ് സെക്രട്ടറിക്ക് തത്തുല്യമായ യാത്രാബത്ത, ദിനബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.
3. സർക്കാർ നിയന്ത്രണത്തിലുള്ള ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ ചീഫ് സെക്രട്ടറിമാർക്ക് അനുവദനീയമായ നിരക്കിലും തത്തുല്യമായ മുൻഗണനയ്ക്കും അർഹതയുണ്ടായിരിക്കും.
4. കമ്മീഷന്റെ യോഗം സിറ്റിംഗിന് 2500/- [illegible] നിരക്കിൽ സിറ്റിംഗ് ഫീ അനുവദിക്കുന്നതാണ്.
5. അദ്ദേഹത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള വാഹനം ടൂറിസം വകുപ്പ് ലഭ്യമാക്കുന്നതാണ്. ഔദ്യോഗികാവശ്യങ്ങൾക്കായി പോസ്റ്റ് പെയ്ഡ് വ്യവസ്ഥയിൽ മൊബൈൽ ഫോൺ കണക്ഷനും ആയതുമായി ബന്ധപ്പെട്ട പ്രതിമാസ ചിലവുകൾക്കും അർഹതയുണ്ടായിരിക്കും.

**ശ്രീമതി നീലാ ഗംഗാധരൻ, പാർട്ട് ടൈം മെമ്പർ**

1. പാർട്ട് ടൈം മെമ്പറുടെ ആസ്ഥാനം ബംഗലൂരു ആയിരിക്കും.
2. പ്രതിമാസം കമ്മീഷൻ സിറ്റിംഗ് ഉള്ള ദിവസങ്ങൾ അടക്കം പ്രതിദിനം 2500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നിരക്കിൽ പരമാവധി 15 ദിവസത്തെ വേതനത്തിന് പാർട്ട് ടൈം മെമ്പർക്ക് അർഹതയുണ്ടായിരിക്കും. ആയതിനുപുറമെ ടെലഫോൺ, ഡാറ്റാ ഉപയോഗം, സ്റ്റേഷനറി, ടൈപ്പിംഗ് ചിലവുകൾ എന്നിവയ്ക്ക് സ്വയം സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 10,000/- (പതിനായിരം രൂപ മാത്രം) രൂപ അനുവദിക്കുന്നതാണ്.
3. കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്ക് ഗവ.ചീഫ് സെക്രട്ടറിക്ക് തത്തുല്യമായ യാത്രാബത്ത, ദിനബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.
4. സർക്കാർ നിയന്ത്രണത്തിലുള്ള ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ ചീഫ് സെക്രട്ടറിമാർക്ക് അനുവദനീയമായ നിരക്കിലും തത്തുല്യമായ മുൻഗണനയ്ക്കും അർഹതയുണ്ടായിരിക്കും.
5. കമ്മീഷന്റെ ഓരോ സിറ്റിംഗിനും 2500/-രൂപ (രണ്ടായിരത്തി അഞ്ഞൂറു രൂപമാത്രം) നിരക്കിൽ സിറ്റിംഗ് ഫീ അനുവദിക്കുന്നതാണ്.
6. അവരുടെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള വാഹനം ടൂറിസം വകുപ്പ് ലഭ്യമാക്കുന്നതാണ്.

3) ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനമാരംഭിച്ച 18.08.2016 മുതൽ അംഗങ്ങൾക്ക് മേൽവിവരിച്ച ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇതുസംബന്ധിച്ച ചിലവുകൾ 2017-18 ധനകാര്യ വർഷത്തിലെ "2052-00-092-81" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതാണ്. കമ്മീഷൻ അംഗങ്ങളുടെ ഭരണസംബന്ധിയായ വിഷയനിർവ്വഹണ ചുമതല ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജീത് രാജൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ.സി.പി.നായർ ഫുൾ ടൈം മെമ്പർ, ഭരണപരിഷ്കാര കമ്മീഷൻ.
ശ്രീമതി. നീലാ ഗംഗാധരൻ പാർട്ട് ടൈം മെമ്പർ, ഭരണപരിഷ്കാര കമ്മീഷൻ.
മെമ്പർ സെക്രട്ടറി, ഭരണപരിഷ്കാര കമ്മീഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
ധനകാര്യവകുപ്പ് (E337186/വ്യയം. എ 3/514/2016-ധന നം.കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-05-2017

ഫയൽ നം.എ.ആർ.12(1)/102/2017/ഉ.ഭ.പ.വ. ഇനം നം: 1071

വിഷയം : ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഫുൾ ടൈം മെമ്പർ, പാർട്ട് ടൈം മെമ്പർ എന്നിവരുടെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

1071

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ.ആർ.12(1)/102/2017/ഉ.ഭ.പ.വ. |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ്. |
| 3 | വിഷയം | : | ധനകാര്യവകുപ്പിന്റെ നിർദ്ദേശപ്രകാരം നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഫുൾ ടൈം മെമ്പർ, പാർട്ട് ടൈം മെമ്പർ എന്നിവരുടെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അംഗീകാരം നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.05.2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | ഇല്ല<br>ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.മുഹമ്മദ് ഇസ്മായിൽ കുഞ്ഞ് എസ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സത്യജീത്ത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.05.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.05.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.05.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29.05.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

നാലാം ഭരണപരിഷ്കാര കമ്മീഷൻ അംഗങ്ങളുടെ വ്യവസ്ഥകളും നിബന്ധനകളും സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിനാധാരം.

2) 06.08.2016 ലെ സ.ഉ.(എം.എസ്) 16/2016/P&ARD പ്രകാരം ശ്രീ.വി.എസ്.അച്യുതാനന്ദൻ എം.എൽ.എ. ചെയർമാനും മുൻ ചീഫ് സെക്രട്ടറിമാരായ ശ്രീ.സി.പി.നായർ, ശ്രീമതി.നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളുമായി നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. പ്രസ്തുത കമ്മീഷൻ 18.08.2016 ൽ പ്രവർത്തനമാരംഭിച്ചു.

30.08.2016 ലെ സ.ഉ.(എം.എസ്) 21/16/ഉഭപവ പ്രകാരം കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകളും കമ്മീഷന്റെ പരിഗണനാവിഷയങ്ങളും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. കമ്മീഷൻ അംഗങ്ങളുടെ വ്യവസ്ഥകളും നിബന്ധനകളും സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. ശ്രീ.സി.പി.നായർ ഫുൾ ടൈം മെമ്പറായും ശ്രീമതി. നീലാ ഗംഗാധരൻ പാർട്ട് ടൈം മെമ്പറായും സേവനമനുഷ്ഠിക്കുന്നതിന് തീരുമാനിച്ചു.

ആയതിൻപ്രകാരം, ചുവടെ വിവരിക്കുംവിധം ഭരണപരിഷ്കാര കമ്മീഷൻ അംഗങ്ങളുടെ വ്യവസ്ഥകളും നിബന്ധനകളും നിശ്ചയിക്കാവുന്നതാണ്.

**ഫുൾ ടൈം മെമ്പർ**

1. നിലവിൽ ലഭിക്കുന്ന പെൻഷന് പുറമെ 75,000/- (എഴുപത്തി അയ്യായിരം രൂപമാത്രം) രൂപ പ്രതിമാസ ഓണറേറിയമായി 18.08.2016 തീയതി മുതലുള്ള പ്രാബല്യത്തിൽ നൽകുന്നതാണ്. സാധാരണഗതിയിലുള്ള പെൻഷൻ, ക്ഷാമബത്ത എന്നിവയ്ക്ക് അദ്ദേഹത്തിന് തുടർന്നും അർഹതയുണ്ടായിരിക്കും.
2. കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്ക് ഗവ.ചീഫ് സെക്രട്ടറിക്ക് തത്തുല്യമായ യാത്രാബത്ത, ദിനബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.

3. സർക്കാർ നിയന്ത്രണത്തിലുള്ള ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ ചീഫ് സെക്രട്ടറിമാർക്ക് അനുവദനീയമായ നിരക്കിലും തത്തുല്യമായ മുൻഗണനയ്ക്കും അർഹതയുണ്ടായിരിക്കും.
4. കമ്മീഷന്റെ ഓരോ സിറ്റിംഗിനും 2500/- രൂപ(രണ്ടായിരത്തി അഞ്ഞൂറു രൂപമാത്രം) നിരക്കിൽ സിറ്റിംഗ് ഫീ അനുവദിക്കുന്നതാണ്.
5. അദ്ദേഹത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള വാഹനം ടൂറിസം വകുപ്പ് ലഭ്യമാക്കുന്നതാണ്. ഔദ്യോഗികാവശ്യങ്ങൾക്കായി പോസ്റ്റ് പെയ്ഡ് വ്യവസ്ഥയിൽ മൊബൈൽ ഫോൺ കണക്ഷനും ആയതുമായി ബന്ധപ്പെട്ട പ്രതിമാസ ചിലവുകൾക്കും അർഹതയുണ്ടായിരിക്കും.

**<u>പാർട്ട് ടൈം മെമ്പർ</u>**

1. പാർട്ട് ടൈം മെമ്പറുടെ ആസ്ഥാനം ബംഗലുരു ആയിരിക്കും.
2. പ്രതിമാസം കമ്മീഷൻ സിറ്റിംഗ് ഉള്ള ദിവസങ്ങൾ അടക്കം പ്രതിദിനം 2500/- (രണ്ടായിരത്തി അഞ്ഞുറ് രൂപ മാത്രം) രൂപ നിരക്കിൽ പരമാവധി 15 ദിവസത്തെ വേതനത്തിന് പാർട്ട് ടൈം മെമ്പർക്ക് അർഹതയുണ്ടായിരിക്കും. ആയതിനുപുറമെ ടെലഫോൺ, ഡാറ്റാ ഉപയോഗം, സ്റ്റേഷനറി, ടൈപ്പിംഗ് ചിലവുകൾ എന്നിവയ്ക്ക് സ്വയം സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 10,000/- (പതിനായിരം രൂപ മാത്രം) രൂപ അനുവദിക്കുന്നതാണ്.
3. കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്ക് ഗവ.ചീഫ് സെക്രട്ടറിക്ക് തത്തുല്യമായ യാത്രാബത്ത, ദിനബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.
4. സർക്കാർ നിയന്ത്രണത്തിലുള്ള ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ ചീഫ് സെക്രട്ടറിമാർക്ക് അനുവദനീയമായ നിരക്കിലും തത്തുല്യമായ മുൻഗണനയ്ക്കും അർഹതയുണ്ടായിരിക്കും.
5. കമ്മീഷന്റെ ഓരോ സിറ്റിംഗിനും 2500/-രൂപ (രണ്ടായിരത്തി അഞ്ഞൂറു

രൂപമാത്രം) നിരക്കിൽ സിറ്റിംഗ് ഫീ അനുവദിക്കുന്നതാണ്.

6. അവരുടെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള വാഹനം ടൂറിസം വകുപ്പ് ലഭ്യമാക്കുന്നതാണ്.

പ്രസ്തുത വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയും ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടുകൂടി പ്രസ്തുത വകുപ്പ് ഭരണവകുപ്പിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയുമുണ്ടായി.

തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിനായി ഇതു സംബന്ധിയായ ഫയലുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനായി ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട വിഷയം**

**ധനകാര്യവകുപ്പിന്റെ നിർദ്ദേശപ്രകാരം നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഫുൾ ടൈം മെമ്പർ, പാർട്ട് ടൈം മെമ്പർ എന്നിവരുടെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അംഗീകാരം നൽകുകയും ആയത് സംബന്ധിച്ച് ഭരണപരമായ വിഷയങ്ങൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പ് കൈകാര്യം ചെയ്യുന്നതിനും തീരുമാനമെടുക്കാമോ ?**